**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6513** **20-03-2023 - ൽ മറുപടിയ്ക്ക്**

**പോത്തുണ്ടി ഡാം ജലസ്രോതസായി കുടിവെള്ള കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പോത്തുണ്ടി ഡാം ജലസ്രോതസായി എത്ര കുടിവെള്ള കണക്ഷൻ നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പോത്തുണ്ടി ഡാം ജലസ്രോതസ്സാക്കി ആലത്തൂർ, എരിമയൂർ, കാവശ്ശേരി, പുതുക്കോട്, പല്ലശ്ശന, എലവഞ്ചേരി, തരൂർ, നെന്മാറ, അയിലൂർ, മേലാർകോട് എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി ആകെ 45002 എണ്ണം കുടിവെള്ള കണക്ഷൻ നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത് (ആലത്തൂർ - 6688 എണ്ണം, എരിമയൂർ - 3043 എണ്ണം, കാവശ്ശേരി - 7519 എണ്ണം, പല്ലശ്ശന - 6058 എണ്ണം, പുതുക്കോട് - 2461 എണ്ണം, എലവഞ്ചേരി - 2017 എണ്ണം, തരൂർ - 3155 എണ്ണം, നെന്മാറ - 3543 എണ്ണം, അയിലൂർ - 5368 എണ്ണം, മേലാർകോട് - 5150 എണ്ണം) |
| (ബി) | ഇതിനാവശ്യമായ വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ജലജീവൻ പദ്ധതികളുടെ സ്രോതസ്സുകളുടെ ജലലഭ്യത പരിശോധനയ്ക്കായി ജില്ലകളിൽ സോഴ്സ് ഫൈൻഡിങ്ങ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ സ്രോതസ്സ് കളുടെ ജലലഭ്യത സോഴ്സ് ഫൈൻഡിങ്ങ് കമ്മറ്റികൾ ഉറപ്പുവരുത്തിയതിനുശേഷമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ